## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2860 07.02.2018 ലെ മറുപടിയ്ക്ക്

**മാതൃകാ നടപ്പാതകൾ**

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്തെ തിരക്കേറിയ റോഡുകളുടെ വശങ്ങളിൽ കാൽനടയാത്രക്കാർക്കുള്ള പാതയിൽ വാഹനങ്ങൾ പാർക്ക് ചെയ്തും വഴിയോരക്കച്ചവടം നടത്തിയും തടസ്സങ്ങൾ സൃഷ്ടിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വാഹനങ്ങളുടെ അനധികൃത പാർക്കിങ്ങും മറ്റു തടസ്സങ്ങളും ഒഴിവാക്കി കാൽനടയാത്ര സുഗമമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പാർക്കിംഗ് ഉണ്ടാകാതിരിക്കാൻ അനിവാര്യമായ സൂചനാ (നോ പാർക്കിംഗ്) ബോർഡുകളും മറ്റു റോഡ് മാർക്കിംഗുകളും നൽകി വരുന്നു.പ്രസ്തുത സന്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി പോലീസ് വകുപ്പാണ് അനന്തര നടപടികൾ സ്വീകരിക്കേണ്ടത്.<br>അനധികൃത വഴിയോര കച്ചവടം, |

| | |
|---|---|
| | മറ്റു തടസ്സങ്ങൾ മുതലായവ പോലീസ് സഹായത്തോടെ നീക്കം ചെയ്യുന്നു. |
| (സി) വാഹനം, തടി, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ റോഡ് സൈഡിൽ കൂട്ടിയിട്ട് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) വാഹനം,തടി, മറ്റു നിർമ്മാണ സമഗ്രികൾ എന്നിവ റോഡ് സൈഡിൽ കൂട്ടിയിട്ട് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ നിലവിൽ 03.09.2016 -ലെ സർക്കാർ ഉത്തരവ് (കെ) നം.63/16/പൊ.മ.വ.പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം റോഡുകൾ കൈയ്യേറി തടസ്സം സൃഷ്ടിച്ചാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്ക് എതിരെ കേരള ഹൈവേപ്രൊട്ടക്ഷൻ ആക്റ്റിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ട-പരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും , പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേ-ണ്ടതാണ്. |
| (ഡി) സംസ്ഥാനത്തെ തിരക്കേറിയ റോഡുകൾക്ക് ഇരുവശവും മാതൃകാ | ഫണ്ട് ലഭ്യത, സ്ഥലം ലഭ്യത എന്നിവ അനുസരിച്ച് കാൽനട യാത്രക്കാർക്ക് നേരിടുന്ന |

നടപ്പാതകൾ നിർമ്മിക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള തിരക്കേറിയ റോഡുകൾക്ക് ഇരുവശവും നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.റ്റി.പി, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പോലുള്ള വൻകിട പദ്ധതികളിൽ നടപ്പാത ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ്നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽകാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ടൈൽപാകിയ നടപ്പാതകൾ നിർമ്മിക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**